# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2928 07.12.2018 ലെ മറുപടി

### കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ എന്നിവയുടെ സംരക്ഷണം

**ചോദ്യം**

**ശ്രീ. അനിൽ അക്കര:**

(എ) കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ ഇവയുടെ സംരക്ഷണത്തിനായി എന്തൊക്കെ പ്രവർത്തനങ്ങളാണ് ഈ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) ഇത് സംബന്ധിച്ച് ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

(എ) യും (ബി) യും

കുളങ്ങൾ, തോടുകൾ, നീർച്ചാലുകൾ തുടങ്ങിയ ജലസ്രോതസ്സുകളുടെ സംരക്ഷണ - ശുചീകരണ പ്രവർത്തനങ്ങൾ വിവിധ വകുപ്പുകൾ / ഏജൻസികൾ മുഖേന നിർവ്വഹിച്ചുവരുന്നു. ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, ജലസേചന വകുപ്പ്, സംസ്ഥാന മണ്ണ് സംരക്ഷണ - മണ്ണ് പര്യവേഷണ വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയാണ് പ്രധാനമായും ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്നത്. ഇതോടൊപ്പം ഹരിത കേരളം മിഷന്റെ ഉപമിഷനായ "ജല സമൃദ്ധി"യുടെ ഭാഗമായി ജലസ്രോതസ്സുകളുടെ സംരക്ഷണം കൂടുതൽ ശാസ്ത്രീയമായി നിർവ്വഹിക്കുന്നത് ലക്ഷ്യമിട്ട് "നീർത്തട പ്ലാനുകൾ" തയ്യാറാക്കി മുൻഗണന നിശ്ചയിച്ചിട്ടുണ്ട് (റിഡ്ജ്-ടു-വാലി സമീപനം) ജലസേചന വകുപ്പ് ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് സംസ്ഥാന ബജറ്റ് വിഹിതമാണ് പ്രയോജനപ്പെടുത്തുന്നത്. 2018-19 സാമ്പത്തിക വർഷത്തിൽ 104 കുളങ്ങൾ നവീകരിക്കുന്നതിനായി 13.07കോടി രൂപയുടെ പ്രൊപ്പോസൽ പരിഗണനയിലുണ്ട്. ഇതനുസരിച്ച് കുളങ്ങളിലെ മാലിന്യം, ചെളി, പായൽ എന്നിവ നീക്കം ചെയ്ത് അവയുടെ സംഭരണശേഷി വർദ്ധിപ്പിക്കാൻ സാധിക്കുന്നതാണ്. ഹരിത കേരളം, പ്ലാൻ പദ്ധതി, നോൺ പ്ലാൻ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി തോടുകളുടെ നവീകരണ പ്രവർത്തികളും നടപ്പിലാക്കി വരുന്നു. KIIFB വഴിയും തോടുകളുടെ പുനരുദ്ധാരണ പ്രവർത്തികൾ നടപ്പിലാ ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ 2017-18 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതനുസരിച്ച് ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റഗുലേറ്ററുകൾ കിഫ്ബിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതോടൊപ്പം വിവിധ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി ചെക്ക് ഡാമുകൾ/വി.സി.ബികൾ എന്നിവയുടെ പുനരുദ്ധാരണ പ്രവർത്തികൾക്ക് ഭരണാനുമതി നല്കിയിട്ടുണ്ട്. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ